LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയുടെ അടിസ്ഥാന വികസനം

211 (1684) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അടിസ്ഥാന വികസനം ഉറപ്പുവരുത്തുന്നതിനായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെടുന്ന മാക്കി-നടുവയൽ, പുഞ്ചാവി-കല്ലരാവി, കണ്ടേൻ വയൽ, അയ്യങ്കാവ്-ചുള്ളിക്കര, കിനാനൂർ, ചെന്തളം എന്നീ പ്രദേശങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എം.എൽ.എ.-യുടെ ഉപരിപത്രത്തോടൊപ്പം കൂടിയുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള വികസന പദ്ധതികൾ

212(1685) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, പദ്ധതികൾ എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നിറവ് പദ്ധതിയിൽ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി ; ഇനി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചേങ്കോട്ടുകാവ്, ചേമഞ്ചേരി, കൊയിലാണ്ടി, മൂടാടി, തിക്കോടി, പയ്യോളി എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ 5 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ പഞ്ചായത്ത് തിരിച്ച് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിറവ് പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെപ്പറയുന്നു.

1	ഗ്രോബാഗിൽ പച്ചക്കറി	330 എണ്ണം	6.6 ലക്ഷം രൂപ
2	ഫലവർഗ്ഗ കൃഷി വികസനം	1250 എണ്ണം	1.5 ലക്ഷം രൂപ
3	കാലിത്തൊഴുത്തിന്റെ നിർമ്മാണം	6 എണ്ണം	3 ലക്ഷം രൂപ
4	മിനി ഡയറി യൂണിറ്റ് (2 പശു)	5 എണ്ണം	5 ലക്ഷം രൂപ
5	മിനി ഡയറി യൂണിറ്റ് (1 പശു)	5 എണ്ണം	2.74 ലക്ഷംരൂപ
		ആകെ	18.84 ലക്ഷം രൂപ

നിറവ് പദ്ധതിയിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1.	പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്	200 എണ്ണം	10.5 ലക്ഷം രൂപ
2.	ഗ്രോബാഗിൽ പച്ചക്കറി	120 എണ്ണം	1.15 ലക്ഷം രൂപ
3.	ഫലവർഗ്ഗ തൈ വിതരണം	2750 എണ്ണം	2.1 ലക്ഷം രൂപ
4.	പാടശേഖരങ്ങളുടെഅടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ		66.25 ലക്ഷം രൂപ
5.	കാലിത്തൊഴുത്ത് നിർമ്മാണം	44 എണ്ണം	9.5 ലക്ഷം രൂപ
6.	മിനി ഡയറി യൂണിറ്റ് (2 പശു)	45 എണ്ണം	20 ലക്ഷം രൂപ
		ആകെ	109.50 ലക്ഷം രൂപ

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പങ്കാളിത്ത പച്ചക്കറി കൃഷി

213 (1686) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിച്ചു കൃഷി വകുപ്പ് നടത്തുന്ന വിദ്യാർത്ഥി പങ്കാളിത്ത പച്ചക്കറി കൃഷി പദ്ധതിയിൽ നിലവിൽ എത്ര സ്കൂളുകളാണുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്കൂളിനും എന്തൊക്കെ ആനുകൂല്യങ്ങളാണ് കൃഷി വകുപ്പ് നൽകിവരുന്നത്; ഇതിനായി എത്ര രൂപ ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly